# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** | **പ്രധാനവാർത്തകൾ** | **DATE:20.04.2026**

1. പ്രധാനമന്ത്രി നരേന്ദ്ര മോദിയും ദക്ഷിണ കൊറിയൻ പ്രസിഡന്റ് ലീ ജെ മ്യൂങ്ങുമായി ന്യൂഡൽഹിൽ കൂടിക്കാഴ്ച നടത്തുന്നു.

2. സംസ്ഥാനത്ത് കനത്ത ചൂട് തുടരുന്നു. ഏറ്റവും ഉയർന്ന താപനില പാലക്കാട് ജില്ലയിൽ. ജാഗ്രത നിർദേശം പുറപ്പെടുവിച്ച് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി.

3. തമിഴ്നാട്ടിലും പശ്ചിമബംഗാളിൽ ഒന്നാം ഘട്ടത്തിനുമുള്ള നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണം ശക്തമാക്കി രാഷ്ട്രീയ കക്ഷികൾ. പരസ്യപ്രചാരണം നാളെ അവസാനിക്കും.

4. തിരുവമ്പാടി പാറമേക്കാവ് വിഭാഗങ്ങളുടെ കൊടിയേറ്റോടെ തൃശൂർ പൂരത്തിന്റെ ചടങ്ങുകൾക്ക് തുടക്കായി.

5. പശ്ചിമേഷ്യൻ സംഘർഷങ്ങളുടെ പശ്ചാത്തലത്തിലും ഇന്ത്യൻ സമ്പദ് വ്യവസ്ഥ ശക്തമെന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ റിപ്പോർട്ട്.

6. ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് മുംബൈ ഇന്ത്യൻസിനെ നേരിടും.

***********************************

RNUTVPM

## ഉപരാഷ്ട്രപതി-ശ്രീലങ്ക

ശ്രീലങ്കൻ സന്ദർശനത്തിന്റെ രണ്ടാം ദിനമായ ഇന്ന് ഉപരാഷ്ട്രപതി സി.പി. രാധാകൃഷ്ണൻ നുവാറ ഏലിയയിൽ എത്തി. ഇന്ത്യയുടെ സഹായത്തോടെ നടപ്പിലാക്കുന്ന ഭവന പദ്ധതി പ്രദേശം സന്ദർശിച്ച അദ്ദേഹം ഇന്ത്യൻ വംശജരായ തമിഴ് വിഭാഗങ്ങളുമായി സംവദിച്ചു.

***********************************

## പ്രധാനമന്ത്രി - സൗത്ത് കൊറിയൻ പ്രസിഡന്റ്

മൂന്ന് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിനായി ഇന്ത്യയിലെത്തിയ ദക്ഷിണ കൊറിയൻ പ്രസിഡന്റ് ലീ ജെ മ്യൂങ്ങുമായിക്ക് രാഷ്ട്രപതി ഭവനിൽ ആചാരപരമായ സ്വീകരണം നൽകി. രാഷ്ട്രപതി ദ്രൗപദി മുർമു പ്രധാനമന്ത്രി നരേന്ദ്ര മോദി തുടങ്ങിയവർ സന്നിഹിതരായിരുന്നു. രാജ്ഘട്ടിലെത്തി മഹാത്മ ഗാന്ധിക്ക് ദക്ഷിണ കൊറിയൻ പ്രസിഡന്റ് ശ്രദ്ധാഞ്ജലി അർപ്പിച്ചു. ഇന്ന് ന്യൂഡൽഹിയിൽ പ്രധാനമന്ത്രിയുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തുകയാണ്. കപ്പൽ നിർമ്മാണം, നിർമ്മിത ബുദ്ധി, സെമികണ്ടക്ടറുകൾ ഉൾപ്പെടയുള്ള വിഷയങ്ങളിൽ ഇരുരാജ്യങ്ങളും തമ്മിലുള്ള ഉഭയകക്ഷി സഹകരണം ശക്തിപ്പെടുത്തുന്നതിനെക്കുറിച്ച് ഇരുനേതാക്കളും ചർച്ച ചെയ്യും.

***********************************

## തിരഞ്ഞെടുപ്പ് - പശ്ചിമബംഗാൾ. തമിഴ്നാട്

തമിഴ്നാട്ടിലും പശ്ചിമബംഗാളിലും നിയമസഭാ തിരഞ്ഞെടുപ്പ് പ്രചാരണം ശക്തമാക്കി രാഷ്ട്രീയ കക്ഷികൾ. സ്ഥാനാർഥികൾക്കായി മുതിർന്ന ദേശീയ നേതാക്കളടക്കം പ്രചാരണരംഗത്തുണ്ട്. തമിഴ്നാട്ടിലും പശ്ചിമബംഗാളിൽ

RNU TVPM

ആദ്യ ഘട്ടത്തിലേക്കും വ്യാഴാഴ്ചയാണ് വോട്ടെടുപ്പ്. ഇരു സംസ്ഥാനങ്ങളിലെയും പരസ്യപ്രചാരണം നാളെ അവസാനിക്കും. ഈ മാസം 29 നാണ് പശ്ചിമബംഗാളിൽ രണ്ടാംഘട്ട വോട്ടെടുപ്പ്. മെയ് നാലിനാണ് വോട്ടെണ്ണൽ.

***********************************

## പശ്ചിമബംഗാൾ - സുരക്ഷ

പശ്ചിമ ബംഗാളിൽ തിരഞ്ഞെടുപ്പിന് മുന്നോടിയായി കനത്ത സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തിയതായി മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. ഇതിന്റെ ഭാഗമായി 152 മണ്ഡലങ്ങളിൽ 2,193 ദ്രുത പ്രതികരണ ടീമുകളെ വിന്യസിക്കും . വോട്ടെടുപ്പിനിടെ ഉണ്ടാകാവുന്ന ഏത് അനിഷ്ടസംഭവങ്ങൾക്കും അതിവേഗം പ്രതികരിക്കുക എന്നതാണ് പ്രധാന ചുമതല. അതിർത്തി പ്രദേശങ്ങളിലും സംഘർഷസാധ്യതയുള്ള ജില്ലകളിലും പ്രത്യേക ശ്രദ്ധ നൽകിയിട്ടുണ്ട്.

RNU TVPM

***********************************

## താപനില- സംസ്ഥാനം (ഇൻട്രോ)

സംസ്ഥാനത്ത് കനത്ത ചൂട് ശമനമില്ലാതെ തുടരുന്നു. ഏറ്റവും ഉയർന്ന താപനില പാലക്കാട് ജില്ലയിലാണ്. ഉയർന്ന അൾട്രാ വയലറ്റ് സൂചിക രേഖപ്പെടുത്തുന്ന സാഹചര്യത്തിൽ പൊതുജനങ്ങൾ സുരക്ഷാ മുൻകരുതലുകൾ സ്വീകരിക്കണമെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി അറിയിച്ചു. **ഒരു റിപ്പോർട്ട്**

(വോയ്സ്)

## താപനില- സംസ്ഥാനം (വോയ്സ്)

ഉയർന്ന താപനില തുടരുന്നതിനാൽ ഇന്ന് മുതൽ പാലക്കാട് ജില്ലയിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും ക്ലാസുകൾ

നിർത്തിവയ്ക്കാൻ ജില്ലാ ദുരന്ത നിവാരണ അധ്യക്ഷ കൂടിയായ ജില്ലാ കളക്ടർ ഉത്തരവിട്ടു. സ്കൂളുകൾ, പ്രൊഫഷണൽ/ടെക്നിക്കൽ ഉൾപ്പെടെയുള്ള കോളേജുകൾ, കോച്ചിംഗ് സെന്ററുകൾ എന്നിവിടങ്ങളിലെ ക്ലാസുകൾ ഉൾപ്പെടെ നിർത്തിവയ്ക്കാനാണ് നിർദ്ദേശം. പകൽ 11 മണിമുതൽ മൂന്ന് മണിവരെ നേരിട്ടുള്ള സൂര്യപ്രകാശം ഏൽക്കുന്നത് പരമാവധി ഒഴിവാക്കണമെന്ന് നിർദ്ദേശത്തിൽ പറയുന്നു. ചൂട് കൂടുന്നതിനാൽ ഇഴജന്തുക്കൾ കൂടുതലായി മാളങ്ങളിൽ നിന്ന് പുറത്തിറങ്ങാൻ സാധ്യതയുള്ളതിനാൽ ജാഗ്രത പാലിക്കണം. അതെസമയം തിരുവനന്തപുരത്ത് ഒറ്റപ്പെട്ടയിടങ്ങളിൽ മഴയ്ക്ക് സാധ്യതയുണ്ട്. , വയനാട്ടിലും എറണാകുളത്തും ഇന്നലെ ശക്തമായ കാറ്റും മഴയും ഉണ്ടായിരുന്നു. **ന്യൂസ് ഡസ്ക് ആകാശവാണി.....**

RNU TVPM

***********************************

## പി ഐ ബി ഫാക്ട് ചെക്ക്

കേന്ദ്ര സർക്കാർ വിദ്യാർത്ഥികൾക്ക് സൗജന്യ ലാപ്ടോപ്പുകൾ നൽകുന്നുവെന്ന തരത്തിൽ സമൂഹമാധ്യമത്തിലുടനീളം പ്രചരിക്കുന്ന വാർത്ത വ്യാജമാണെന്ന് കേന്ദ്ര സർക്കാർ. സർക്കാർ അത്തരമൊരു പദ്ധതി പ്രഖ്യാപിച്ചിട്ടില്ലെന്ന് പിഐബിയുടെ വസ്തുതാ പരിശോധനാ യൂണിറ്റ് അറിയിച്ചു. ഇത്തരം വാർത്തകൾക്കെതിരെ പൗരന്മാർ ജാഗ്രത പാലിക്കണമെന്നും, സർക്കാർ-പദ്ധതികൾക്കായി ഔദ്യോഗിക വെബ്സൈറ്റുകൾ മാത്രം സന്ദർശിക്കണമെന്നും പിഐബി നിർദ്ദേശിച്ചു.

***********************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്...

(ബ്രേക്ക്)

***********************************

## എസ്.ബി.ഐ റിസർച്ച്

ഇന്ത്യൻ സമ്പദ് വ്യവസ്ഥ ശക്തമെന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ റിസർച്ച് റിപ്പോർട്ട്. പശ്ചിമേഷ്യൻ സംഘർഷങ്ങളും എണ്ണവില വർധനവും ഉയർത്തുന്ന വെല്ലുവിളികൾ നേരിടാൻ ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ സജ്ജമാണെന്ന് എസ്.ബി.ഐ റിസർച്ച് വ്യക്തമാക്കി. 2027 സാമ്പത്തിക വർഷത്തിൽ 6.8 മുതൽ 7.1 ശതമാനം വരെ ജി ഡി പി വളർച്ച പ്രതീക്ഷിക്കുന്നതായും, റിപ്പോർട്ട് സൂചിപ്പിക്കുന്നു.

***********************************

## തൃശൂർ പൂരം (ഇൻട്രോ)

പൂരങ്ങളുടെ പൂരമായ തൃശൂർ പൂരം കൊടിയേറി. തിരുവമ്പാടി പാറമേക്കാവ് വിഭാഗങ്ങളിൽ പൂരം കൊടിയേറിയതോടെ ഇത്തവണത്തെ തൃശൂർ പൂരത്തിന് തിരശ്ശീല ഉയർന്നു.

**വിശദാംശങ്ങളുമായി ആകാശവാണി തൃശ്ശൂർ ജില്ലാ പ്രതിനിധി ഭരിതാ പ്രതാപ്.......**

**(വോയ്സ്)**

RNUTVPM

***********************************

## മൻ കീ ബാത്ത്

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കീ ബാത്തിലേക്ക് ഈ മാസം 24 വരെ ജനങ്ങൾക്ക് അഭിപ്രായങ്ങൾ പങ്കുവയ്ക്കാം. മൻ കി ബാത്തിൻറെ 133-ാം പതിപ്പ് ഈ മാസം 26-ന് രാവിലെ 11-ന് ആകാശവാണിയിലും ദൂരദർശനിലും തത്സമയം ലഭ്യമാകും.

***********************************

## ടൂറിസം വില്ലേജ് - ഇടുക്കി (ഇൻട്രോ)

കടുത്ത വേനലിലും വറ്റാത്ത നീരൊഴുക്കുമായി സഞ്ചാരികളുടെ പ്രിയതാവളമായി മാറുകയാണ് ഇടുക്കി കാന്തല്ലൂരിലെ കച്ചാരം വെള്ളച്ചാട്ടം. ഇന്ത്യയിലെ മികച്ച ടൂറിസം വില്ലേജായി തിരഞ്ഞെടുക്കപ്പെട്ട കാന്തല്ലൂർ പഞ്ചായത്തിലെ പ്രധാന ആകർഷണമാണിപ്പോൾ ഈ ജലപാതം. മറ്റ് ജലസ്രോതസ്സുകൾ വറ്റിവരളുമ്പോഴും മന്നവൻചോലയിൽ നിന്നുള്ള തണുത്ത നീരൊഴുക്ക് ആസ്വദിക്കാൻ നിരവധി പേരാണ് ഇവിടേക്ക് എത്തുന്നത്. **വിശദാംശങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.....**

(വോയ്സ്)

***********************************

## ഐ പി എൽ

ഐ പി എൽ ക്രിക്കറ്റിൽ ഇന്ന് ഗുജറാത്ത് ടൈറ്റൻസ് മുംബൈ ഇന്ത്യൻസിനെ നേരിടും. രാത്രി 7.30 ന് അഹമ്മദാബാദിലാണ് മത്സരം.

RNU TVPM

***********************************

## ഐ എസ് എൽ

ഐ എസ് എൽ ഫുട്ബോളിൽ ഇന്ന് പഞ്ചാബ് എഫ് സി ഇൻറർകാശിയെ നേരിടും. രാത്രി 7.30 ന് ലുധിയാനയിലാണ് മത്സരം.

***********************************

## തമിഴ്നാട് - മരണം

തമിഴ്നാട്ടിലെ വിരുദുനഗർ ജില്ലയിലെ പടക്കനിർമ്മാണശാലയിൽ ഇന്നലെയുണ്ടായ സ്ഫോടനത്തിൽ മരിച്ചവരുടെ എണ്ണം 25 ആയി.

തൊഴിലാളികൾ സ്ഫോടകവസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനിടെയാണ് അപകടമുണ്ടായത്. ഇന്നലെ രാത്രി അവശിഷ്ടങ്ങൾ നീക്കം ചെയ്യുന്നതിനിടെയുണ്ടായ രണ്ടാമത്തെ സ്ഫോടനത്തിൽ പന്ത്രണ്ട് പേർക്ക് പരിക്കേറ്റു. രക്ഷാപ്രവർത്തനത്തിൽ ഏർപ്പെട്ടിരുന്ന ഫയർഫോഴ്സ് ഉദ്യോഗസ്ഥർക്കും പോലീസുകാർക്കും ഈ സ്ഫോടനത്തിൽ പരിക്കേറ്റു .

************************************

## ഓഹരി - സ്വർണം

രാജ്യത്തെ ഓഹരി വിപണികളിൽ നേട്ടത്തോടെ വ്യാപാരം ആരംഭിച്ചു. സെൻസെക്സ് 395 പോയിൻറ് ഉയർന്ന് 78,889 ലും , നിഫ്റ്റി 105 പോയിൻറ് നേട്ടത്തിൽ 24,459 ലും വ്യാപാരം തുടരുന്നു. സ്വർണ വില കുറഞ്ഞു. ഗ്രാമിന് 45 രൂപ താഴ്ന്ന് 14,235 രൂപയും പവന് 360 രൂപ കുറഞ്ഞ് ഒരു ലക്ഷത്തി 13,880 രൂപയുമാണ് ഇന്നത്തെ വില.

RNU TVPM

************************************

## പാമ്പ് കടിയേറ്റ് മരിച്ചു

തൃശ്ശൂർ കോടാലിയിൽ എട്ട് വയസുകാരൻ മരിച്ചത് പാമ്പ് കടിയേറ്റെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ട്. കോടാലി സ്വദേശി സിൽജോയുടെ മകൻ ആൽജോ ആണ് മരിച്ചത്. കുട്ടിയുടെ സംസ്കാരം ഇന്ന് വൈകിട്ട് മൂന്ന് മണിക്ക് നടക്കും. പാമ്പുകടിയേറ്റ സഹോദരൻ ആനോഷ് ഗുരുതരാവസ്ഥയിൽ തുടരുകയാണ്.

************************************

## നിതിൻരാജ് - പ്രതിഷേധം

കണ്ണൂർ അഞ്ചരക്കണ്ടി ഡെന്റൽ കോളേജ് ബി. ഡി. എസ് വിദ്യാർത്ഥി നിതിൻരാജിന്റെ മരണത്തെ കുറിച്ച് സ്വതന്ത്ര അന്വേഷണം ആവശ്യപ്പെട്ട് കേരള പുലയർ മഹാസഭ സംസ്ഥാന കമ്മിറ്റിയുടെ നേതൃത്വത്തിൽ കണ്ണൂർ സിറ്റി പോലീസ് കമ്മിഷണർ ഓഫീസിലേക്ക് മാർച്ച് നടത്തി . മാർച്ച് പൊലീസ് തടഞ്ഞു. തുടർന്നു പ്രവർത്തകർ പ്രതിഷേധിച്ചു.

***

## ഇന്ത്യ - യു എസ്

ഇന്ത്യ - യുഎസ് ഉഭയകക്ഷി വ്യാപാര കരാറിന്റെ ആദ്യ ഘട്ട ചർച്ചകൾ ഇന്ന് പുനരാരംഭിക്കും. വാഷിംഗ്ടൺ ഡിസിയിലാണ് ചർച്ചനടക്കുന്നത്. വാണിജ്യ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ നേതൃത്വത്തിലുള്ള ഇന്ത്യൻ പ്രതിനിധി സംഘമാണ് ചർച്ചയിൽ പങ്കെടുക്കുന്നത്. കഴിഞ്ഞ നാല് മാസത്തിനിടെ വെർച്വലായി നടന്ന ചർച്ചകൾക്ക് ശേഷമുള്ള ആദ്യ നേരിട്ടുള്ള കൂടിക്കാഴ്ചയാണിത്.

RNU TVPM

***

## ലുയിസിയാന-കൊലപാതകം

യു.എസിലെ ലുയിസിയാനയിൽ കുടുംബവഴക്കിനെത്തുടർന്നുണ്ടായ വെടിവെപ്പിൽ എട്ട് കുട്ടികൾ കൊല്ലപ്പെട്ടു. ഒന്നര വയസ്സു മുതൽ 14 വയസ്സു വരെ പ്രായമുള്ളവരാണ് മരിച്ചത്. ഇന്നലെ പുലർച്ചെയായിരുന്നു വെടിവയ്പ്പ്.

***

***